**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3418 — 14.10.2011 -ൽ മറുപടിയ്ക്ക്

**വനമേഖലയിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) | വനമേഖലയിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നാഷണൽ മെഡിസിനൽ പ്ലാന്റ്സ്ബോർഡിന്റെ സാമ്പത്തിക സഹായമുള്ള എത്ര പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; അവ എവിടെയെല്ലാമാണ്; | എ) | വനമേഖലയിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നാഷണൽ മെഡിസിനൽ പ്ലാന്റ്സ്ബോർഡിന്റെ സാമ്പത്തിക സഹായമുള്ള രണ്ട് പ്രോജക്ടുകളാണ് നിലവിലുള്ളത്.<br>പ്രോജക്ട്- 1 : ഔഷധസസ്യങ്ങൾ തേക്കുതോട്ടങ്ങളിൽ ഇടവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.<br>പ്രോജക്ട് 2 : കേരളത്തിലെ ഔഷധ ഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതി.<br>ഈ പ്രോജക്ടുകൾ മുഖേന കോന്നി, നിലമ്പൂർ സൗത്ത്, തിരുവനന്തപുരം, പുനലൂർ, തൃശ്ശൂർ എന്നീ ഡിവിഷനുകളിലെ വനമേഖലകളിലാണ് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ബി) | പ്രസ്തുത പ്രോജക്ടിനായി എന്തു തുക സംസ്ഥാനത്തിന് ലഭിച്ചുവെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) | പ്രോജക്ട്- 1-ൽ 43.78 ലക്ഷം രൂപ ലഭിക്കുകയും അതിൽ 40.815 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രോജക്ട്- 2-ൽ 260 ലക്ഷം രൂപ ലഭിക്കുകയും അതിൽ 195.293ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | മറ്റ് വനാതിർത്തികളിലേയ്ക്ക് പ്രോജക്ട് വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | സി) | മറ്റ് വനാതിർത്തികളിലേയ്ക്ക് പ്രോജക്ട് വ്യാപിപ്പിക്കുന്നതിനായി നടപടിയൊന്നും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ